പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.4441

21-03-2018 ൽ മറുപടിയ്ക്ക്

## ഉച്ചഭാഷിണിയിലൂടെ പരസ്യം പ്രചരിപ്പിക്കുന്നതിന് വിലക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്തെ വാണിജ്യ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പരസ്യം ഉച്ചഭാഷിണിയിലൂടെ പ്രചരിപ്പിക്കുന്നതിന് എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ പരസ്യം ചെയ്യുന്നതിന് അനുമതിക്കായി പോലീസ് സ്റ്റേഷനിൽ എത്തുന്നവർക്ക് ഇത് നൽകാതെ മടക്കി അയയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോലീസ് വിവേചനം കാണിക്കുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | വാണിജ്യ സ്ഥാപനങ്ങൾക്ക് ഉച്ചഭാഷിണിയിലൂടെ പരസ്യം പ്രചരിപ്പിക്കുന്നതിന് നിലവിൽ പോലീസിൽ നിന്നും അനുമതി പത്രം നൽകി വരുന്നില്ല. ഇക്കാര്യത്തിൽ പ്രത്യേകമായി വിവേചനം കാണിക്കുന്നില്ല. |
| ബി) സുപ്രീം കോടതി നിരോധിച്ച കോളാമ്പിയുടെ ഉപയോഗവും വില്പനയും സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നിരോധിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | ബഹു.സുപ്രീംകോടതി നിരോധിച്ച കോളാമ്പിയുടെ ഉപയോഗവും വിൽപ്പനയും സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. |
| സി) മൈക്ക് സാങ്ഷൻ ഓൺലൈൻ വഴിയാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ? | സി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ